കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽകൂടി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ്ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ചചെയ്യാനും തീരുമാനിച്ചു. ഇതിനായിട്ടുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി സൃഷ്ടിക്കപ്പെട്ട 57 ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികകൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തി ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു ഫുഡ് സേഫ്റ്റി ഓഫീസർ എന്ന നിലയിൽ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ഇതിനകം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

ക്ലിനിക്കൽ ലബോറട്ടറികൾ/സ്കാനിംഗ് സെന്ററുകൾ

29(*89) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് നിയമപ്രകാരം എന്തെല്ലാം നിബന്ധനകളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ക്ലിനിക്കൽ ലബോറട്ടറികളിൽ ഉപയോഗിക്കുന്ന റീ-ഏജന്റുകളുടേയും മെഷീനുകളുടേയും ഗുണനിലവാരം പരിശോധിക്കാൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കാനിംഗ് സെന്ററുകൾ (സർക്കാരും പ്രൈവറ്റും ഉൾപ്പെടെ) മാനദണ്ഡങ്ങൾ അനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) മാനദണ്ഡങ്ങൾ നിർബന്ധമാക്കുന്നതിനുള്ള പ്രത്യേക നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ&ബി) ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് നൽകുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

(സി) സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന അൾട്രാസൗണ്ട് സ്കാനിംഗ് സെന്ററുകൾ സുപ്രീംകോടതി മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന PCPNDT (Pre Conception Prenutal Diagnostic Test) ആക്ടിന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ ആക്ടിന്റെ സംസ്ഥാനതല ചുമതല സ്റ്റേറ്റ് അപ്രോപ്രിയേറ്റ് അതോറിറ്റിയായ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർക്കും ജില്ലാതല ചുമതല ജില്ലാ അപ്രോപ്രിയേറ്റ് അതോറിറ്റിയായ ജില്ലാ മെഡിക്കൽ ആഫീസർമാർക്കുമാണ്.

ഈ ആക്ടിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി രജിസ്റ്റർ ചെയ്യുന്ന സ്കാനിംഗ് സെന്ററുകൾക്കു മാത്രമേ സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ അനുവാദം നൽകിയിട്ടുള്ളൂ. CT/MRI സ്കാനുകൾക്ക് ഈ നിയമം ബാധകമല്ല.

(ഡി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എല്ലാ അൾട്രാ സൗണ്ട് സ്കാനിംഗ് സെന്ററുകളും PCPNDT ആക്ടിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. സുപ്രീംകോടതിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലുള്ള ആക്ട് ആയതിനാൽ ഇതിന് പ്രത്യേക നിയമനിർമ്മാണം ആവശ്യമായി വരുന്നില്ല.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോം എന്നിവയുടെ രജിസ്ട്രേഷൻ, ഫീസ് ഏകീകരണം, നിയന്ത്രണം എന്നിവയ്ക്കുവേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ പരിഗണനയിലുണ്ട്.

ടേക്ക് എ ബ്രേക്ക് പദ്ധതി

30 (*90) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ പാതയോരങ്ങളിൽ ടേക്ക് എ ബ്രേക്ക് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly